**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** — **28-06-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി 66 കെവി സബ്സ്റ്റേഷൻ 110 കെവി സബ്സ്റ്റേഷനായി മാറ്റാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീ. കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കരുനാഗപ്പള്ളി 66 കെ വി സബ്സ്റ്റേഷൻ 110 കെവി സബ്സ്റ്റേഷൻ ആയി മാറ്റുന്നതിനു വർഷങ്ങൾക്കു മുൻപ് ആരംഭിച്ച നടപടി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കരുനാഗപ്പള്ളി 66 കെ.വി. **സബ്സ്റ്റേഷൻ** 110 കെ.വി. സബ്സ്റ്റേഷനായി മാറ്റാനുള്ള പ്രവൃത്തി 90 ശതമാനവും പൂർത്തിയായി കഴിഞ്ഞു. പ്രസ്തുത സബ്സ്റ്റേഷനിലേക്കുള്ള ലൈനിന്റെ പുരോഗതി 80 ശതമാനം ആയിട്ടുണ്ട്. എന്നാൽ റെയിൽവേ ക്രോസിങ്ങിലൂടെയുള്ള ലൈൻ വലിക്കൽ റെയിൽവെയുടെ അനുമതി കിട്ടുന്ന മുറയ്ക്ക് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. റെയിൽവേ അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ